E-mail : kwafin@vsnl.com
Website : http://www.keralawater.org

Tel : 91-0471-2328654
Fax : 91-0471-324903

# KERALA WATER AUTHORITY

Jala Bhavan
Thiruvananthapuram – 695 033
Kerala – India

നം.കെ. ഡബ്ല്യൂ.എ/എച്.ഓ/ആർ.എം.സി/ആർ 2/1080/2008 തിയതി :21/05/2015

## സർക്കുലർ

വിഷയം: ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച 17/12/2009 ലെ ഉത്തരവിൻെറ ഭേദഗതി സംബന്ധിച്ച്

സൂചന: 1. സർക്കാർ ഉത്തരവ് (എം. എസ്) നം. 88/2014/ജ. വി. വ തിയതി 25/09/2014

2. കെ. ഡബ്ല്യൂ. എ/ എച്. ഓ/ആർ. എം. സി/1080/08 തിയതി 07/10/08,17/12/2009

കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 1/10/14 മുതൽ പ്രതിമാസം 15000 ലിറ്റർ വരെ കുടിവെള്ളം ഉപഭോഗം ചെയ്യുന്നതിന് വാട്ടർ ചാർജ്ജ് ഈടാക്കുന്നതല്ല.

പരാമർശം 2 ൻെറ അടിസ്ഥാനത്തിൽ ഈ ഓഫീസിൽനിന്നും പുറപ്പെടുവിച്ച ഉത്തരവിനു ഭേദഗതി വരുത്തികൊണ്ട് ബി.പി.എൽ. കാർഡുപ്രകാരം ആനുകൂല്യത്തിന് അർഹത ഉള്ളവർക്ക് സർക്കാർ ഉത്തരവിൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചു. ആയതിൻ പ്രകാരം ഭേദഗതി വരുത്തികൊണ്ട് പരിഷ്കരിച്ച തീരുമാനം നടപ്പിലാക്കുന്നു.

ബി.പി.എൽ. ആനുകൂല്യങ്ങൾ യഥാസമയം നൽകിയിട്ടില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എൽ. ആനുകൂല്യങ്ങൾ, സർക്കാർ ഉത്തരവു പ്രകാരം, ഈ ഓഫീസിൽനിന്നും പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് വിധേയമായി സബ്ഡിവിഷൻ ഓഫീസർമാർ അനുവദിയ്ക്കേണ്ടതാണ്.

ബി.പി.എൽ. ആനുകൂല്യങ്ങൾക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ 5 ദിവസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതും ആയത് അപേക്ഷകരെ രേഖാമൂലം അറിയിയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നത് അതോറിറ്റി ഗൗരവമായി കണക്കാക്കുന്നതും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതുമാണ്.

ബി.പി.എൽ. ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുമ്പോൾ ബി പി എൽ കാർഡിൻെറ പകർപ്പിനോടൊപ്പം അപേക്ഷകൻെറ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിൻെറ പകർപ്പും ഹാജരാകേണ്ടതാണ്. ബി പി എൽ സംബന്ധിച്ച രജിസ്റ്റർ കൃത്യമായും പരിപാലിക്കേണ്ടതാണ്. കൂടാതെ ക്രോഡീകരിച്ച റിപ്പോർട്ട് എക്സൽ ഫയലിൽ റവന്യൂ മോണിറ്ററിങ്ങ് സെല്ലിലേക്ക് മെയിൽ ചെയ്യേണ്ടതുമാണ്.

മാനേജിങ്ങ് ഡയറക്ടർ

സ്വീകർത്താവ്

മേഖലാ ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

പകർപ്പ്:

PA to MD/ PA to TM/ PA to AM/ CA to CE(HRD&GL)/ FM&CAO/ Sr.AO/ Secretary/ IA/ File.